പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1822 | 01.11.2019 ൽമറുപടിയ്ക്ക്

## ഗതാഗതനിയമ ലംഘനങ്ങൾക്ക് കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരമുളള പിഴ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം ഗതാഗതനിയമ ലംഘനങ്ങൾക്കുള്ള പിഴ കുറയ്ക്കാനുളള നീക്കം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | പിഴ നിരക്കുകൾ കുറച്ചുകൊണ്ട് 26/10/2019 ലെ സ.ഉ.(പി)37/2019/ഗതാ നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ അനുകൂലമായ നിയമോപദേശമല്ല സർക്കാരിന് ലഭിച്ചതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. നിയമ വകുപ്പിൽ നിന്നും അനുകൂലമായ റിപ്പോർട്ടാണ് ലഭിച്ചിട്ടുളളത്. |
| (സി) | കേന്ദ്ര വിജ്ഞാപനം വന്നയുടൻ പിഴ ഈടാക്കുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് സംസ്ഥാനം വിജ്ഞാപനമിറക്കിയതു മൂലം ഇപ്പോൾ പഴയ നിരക്കിൽ പിഴ ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; | (സി) | കേന്ദ്ര മോട്ടോർ വാഹന നിയമം 01/09/2019 മുതൽ രാജ്യമൊട്ടാകെ പ്രാബല്യത്തിൽ വന്നിരുന്നു. അതിനെ തുടർന്നാണ് പുതിയ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ തുടർ വിജ്ഞാപനം ഇറക്കിയത്. 01/09/2019 മുതൽ രാജ്യമൊട്ടാകെ പുതിയ നിയമം പ്രാബല്യത്തിൽ വന്നതിനാൽ പഴയ നിരക്ക് ഈടാക്കുവാൻ സാധിക്കുമായിരുന്നില്ല. |
| (ഡി) | കേന്ദ്രം നിശ്ചയിച്ച മിനിമം നിരക്കിൽ നിന്ന് പിഴ കുറയ്ക്കാൻ കഴിയില്ലെന്ന നിയമോപദേശം സർക്കാരിന് ലഭിക്കുകയുണ്ടായോ; | (ഡി) | ഇല്ല. നിയമ വകുപ്പിൽ നിന്നും അനുകൂലമായ റിപ്പോർട്ടാണ് ലഭിച്ചിട്ടുളളത്. |
| (ഇ) | പിഴ ചുമത്തുന്നതിലെ അനിശ്ചിതത്വം സംസ്ഥാനത്ത് വാഹനപരിശോധനയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | 26/10/2019 ന് പിഴ നിരക്കുകൾ കുറച്ചുകൊണ്ട് പുതിയ വിജ്ഞാപനം ഇറക്കിയതിനാൽ നിലവിൽ വാഹന പരിശോധന സുഗമമായി നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ